# പ്രാദേശിക വികസന മാതൃകകൾ

**പുലാമന്തോൾ ഗ്രാമപഞ്ചായത്ത്**
(മലപ്പുറം ജില്ല)


**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
**(കില)**
മുളംകുന്നത്തുകാവ്, തൃശൂർ - 680581

| | |
|---|---|
| പ്രാദേശിക വികസന മാതൃകകൾ: പുലാമന്തോൾ ഗ്രാമപഞ്ചായത്ത് -2013 | **Local Development Models: Pulamanthol Grama Panchayat - 2013** |
| *ചീഫ് എഡിറ്റർ:* | *Chief Editor :* |
| **ഡോ. പി.പി ബാലൻ** | **Dr. P P Balan** |
| ഡയറക്ടർ,കില | Director, KILA |
| *എഡിറ്റർ:* | *Editor:* |
| **ഡോ. ജെ.ബി രാജൻ** | **Dr. J B Rajan** |
| കോഴ്സ് ഡയറക്ടർ, കില | Course Director, KILA |
| *അസോസിയേറ്റ് എഡിറ്റർ:* | *Associate Editor:* |
| **പ്രതാപ് സിംഗ് എ.എസ്.** | **A S Prathap Singh** |
| ട്രെയിനിംഗ് അസോസിയേറ്റ്, കില | Training Associate, KILA |
| *ഡോക്യുമെന്റേഷൻ:* | *Documentation:* |
| **യു.വി ബാബുരാജ്** | **U V Baburaj** |
| കോഴ്സ് കോ-ഓർഡിനേറ്റർ, കില | Course Co-Ordinator, KILA |
| *സാങ്കേതിക സഹായം:* | *Technical Support:* |
| **എം.കെ റഫീഖ** | **M K Rafeekha** |
| പ്രസിഡന്റ്, പുലാമന്തോൾ ഗ്രാമപഞ്ചായത്ത് | President, Pulamanthol Grama Panchayat |
| **സിദ്ദീഖ്** | **Sideequ** |
| സെക്രട്ടറി, പുലാമന്തോൾ ഗ്രാമപഞ്ചായത്ത് | Srecretary, Pulamanthol Grama Panchayat |
| **അനിൽകുമാർ പി.വൈ.** | **Anilkumar .P.Y.** |
| എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില | Extension Faculty, KILA |
| *ഡി.റ്റി.പി:* | *DTP:* |
| **ജിറ്റോ. പി. ജോർജ്ജ്** | **Jitto P George** |
| *ലേയൗട്ട്:* | *Layout:* |
| **ഉസ്മാൻ കുട്ടോത്ത്** | **Usman Kuttoth** |
| പ്രസാദനം : | *Published by:* |
| **കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ** | **Kerala Institute of Local Administration** |
| മുളങ്കുന്നത്തുകാവ്, തൃശൂർ 680581 | Mulamkunnathukavu, Thrissur – 680581 |
| ഫോൺ : 0487-2201768, 2200244(ഓഫീസ്) 0487-2201312(ഡയറക്ടർ), 2201062(ഫാക്സ്) | Phone: 0487-2201768, 2200244 (Office) 0487-2201312 (Director), 2201062 (Fax) |
| ഇ-മെയിൽ : mail@kilaonline.org | e-mail: mail@kilaonline.org |
| അച്ചടി | Printed at |
| കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ് | Co-operative Press, Mulamkunnathukavu |
| ഫോൺ : 0487-2200391 | Ph: 0487-2200391 |


ചേർത്ത് അഭിപ്രായങ്ങൾ ആരാഞ്ഞു. ഈ പ്രവർത്തനം പൊതുജനങ്ങളിൽ വിശ്വാസം ജനിപ്പിക്കുകയും ഗ്രാമപഞ്ചായത്തിനോട് കൂടുതൽ അടുത്ത് ഇടപെടാനുള്ള അവസ്ഥ സൃഷ്ടിക്കുകയുമുായി.

**5.2. പദ്ധതി ആസൂത്രണ നടപടിക്രമങ്ങളിലെ പങ്കാളിത്തം.**

2012-13, 2013-14 വാർഷിക പദ്ധതികളുടെ ഭാഗമായി നടന്ന പങ്കാളിത്ത പ്രവർത്തനങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

| ക്ര. ന. | പദ്ധതി ആസുത്രണ ഘടകങ്ങൾ | തീയ്യതി | | പങ്കാളിത്തം |
|---|---|---|---|---|
| | | 2012-13 | 2013-14 | |
| 1 | വർക്കിംഗ്ഗ്രൂപ്പ് യോഗങ്ങൾ | 10.07.2012 | 20.02.2012 | 136 |
| 2 | ഗ്രാമസഭാ യോഗങ്ങൾ | 12.7.2012 മുതൽ 19.7.2012 വരെ | 12.7.2012 മുതൽ 19.7.2012 വരെ | 2515 |
| 3 | വികസന സെമിനാർ | 18.09.2012 | 18.9.2012 | 180 |
| 4 | സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ | 20.9.2012 18.9.2012 | 7.3.2013 | 18 |
| 5 | സ്റ്റിയറിംഗ് കമ്മിറ്റി യോഗങ്ങൾ | 30.9.2012 | 7.3.2013 | 5 |
| 6 | ഭരണ സമിതി യോഗങ്ങൾ | 9.10.2012 | 7.2.2013 (ഭരണാനുമതി) | 20 |
| | കർഷകർ, കുടംബശ്രീ പ്രവർത്തകർ, സ്കൂൾ, എച്ച്. എം, പി.ടി.എ, പ്രസിഡന്റുമാർ,അംഗൻവാടി പ്രവർത്തകർ, ക്ലബ്ബ് പ്രവർത്തകർ സ്റ്റേക്ക് ഹോൾഡർ എന്നീ വിഭാഗങ്ങളുടെ മീറ്റിംഗുകൾ നടത്തി | 5.9.2012 24.9.2012 16.08.2012 | 8.3.2013 | |

# 6.

# സമയബന്ധിത പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രാം പഞ്ചവത്സര പദ്ധതി (2012-17) ആസൂത്രണ മാർഗ്ഗരേഖയുടെ സവിശേഷതകളിലൊന്നാണ് സമയബന്ധിത പദ്ധതി ആസൂത്രണ നടപടി ക്രമങ്ങൾ പാലിച്ച് കൊ് സാമ്പത്തിക വർഷത്തിൽ പരമാവധി ദിവസങ്ങൾ നിർവ്വഹണത്തിനായി പ്രയോജനപ്പെടുത്തുക എന്നത്. ഇതിനനുസൃതമായി ആസൂത്രണ നിർവ്വഹണ സമയക്രമങ്ങൾ പ്രതിപാദിച്ച്കൊുള്ള സർക്കുലറുകളും ഉത്തരവുകളും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിക്കാറുമു്. ഇവയെല്ലാം കൃത്യമായി പാലിച്ച്കൊുള്ള പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് അനുവർത്തിച്ചത്. തത്ഫലമായി ചരിത്രത്തിലാദ്യമായി 2013-14 സാമ്പത്തിക വർഷാരംഭമായ ഏപ്രിൽ 1 ന് തന്നെ നിർവ്വഹണം ആരംഭിക്കാൻ കഴിഞ്ഞു.

### 5.1. പ്രവർത്തനങ്ങൾ

**ജനപങ്കാളിത്തം:** ഗ്രാമപഞ്ചായത്തിലെ പൗരസമൂഹത്തെ ഗ്രാമസഭ, മറ്റ് ജനകീയ സംഘടനാ സംവിധാനങ്ങൾ എന്നിവയുമായി സഹകരിപ്പിക്കുന്നതിന്റെ ഭാഗമായി 'വിഷൻ 2025' എന്ന ദീർഘ വീക്ഷണ ജനപങ്കാളിത്ത പരിപാടിക്ക് 2011-12 ൽ തുടക്കമിട്ടു. മുഖ്യമായും ഇതിലൂടെ ലക്ഷ്യമിട്ടിരുന്നത് ഗ്രാമപഞ്ചായത്തിന്റെ പൊതുഭരണത്തിലും ആസൂത്രണ നിർവ്വഹണത്തിലും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരോടൊപ്പം ജനങ്ങളെയും പങ്കാളികളാക്കുക എന്നതായിരുന്നു. ഈ പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ സമൂഹത്തിലെ വിവധ തുറകളിൽ (കർഷകർ, തൊഴിലാളികൾ, വ്യാപാരികൾ, റസിഡൻസ് അസോസിയേഷനുകൾ, പ്രവാസികൾ, വിമുക്തഭടൻമാർ, യുവജന ക്ലബ്ബുകൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ) ഇടപ്പെട്ട് പ്രവർത്തിക്കുന്നവരെ പ്രത്യേകമായി വിളിച്ച്



## ആമുഖം

കേരളത്തിലെ അധികാര വികേന്ദ്രീകരണം മറ്റുസംസ്ഥാനങ്ങൾക്ക് മാതൃകയാണെങ്കിലും കേരളം അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഫലവത്തായ ഇടപെടലുകൾ പ്രാദേശിക സർക്കാരുകൾ സാർവ്വത്രികമായി നടപ്പിലാക്കി കാണുന്നില്ല. എന്നാൽ മാലിന്യ നിർമ്മാർജ്ജനം, ഖരമാലിന്യ സംസ്കരണം, പ്രകൃതി വിഭവ പരിപാലനം, വിദ്യാഭ്യാസം, ശുദ്ധമായ കുടിവെള്ള വിതരണം, ധനകാര്യ മാനേജ്മെന്റ്, സമയബന്ധിത പദ്ധതി ആസുത്രണ നടപടികൾ, ഗുണമേന്മയുള്ള സേവനം എന്നിവ ജനങ്ങൾക്ക് അനുഭവഭേദ്യമാക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കുന്ന ഏതാനും പ്രാദേശിക ഭരണകൂടങ്ങൾ കേരളത്തിൽ മാതൃകയായു്. പ്രവർത്തന മികവ് കൊ് വ്യത്യസ്തമായിട്ടുള്ള ഇത്തരം ഗ്രാമ പഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫി ഉൾപ്പെടെയുള്ള നിരവധി സംസ്ഥാന, ദേശീയ അവാർഡുകൾ ലഭ്യമായിട്ടുമു്. ഇവയിൽ ശ്രദ്ധേയമായ ഗ്രാമപഞ്ചായത്തുകളിലൊന്നാണ് മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ 'പഞ്ചായത്ത് എംപവർമെന്റ് ആന്റ് എക്കൗ ബിലിറ്റി ഇൻസന്റീവ് സ്കീം (PEAIS) പ്രകാരമുള്ള അവാർഡ്, ഗൗരവ് ഗ്രാമസഭാ പുരസ്ക്കാരം, സാമൂഹ്യ നീതി ശാക്തീകരണ വകുപ്പിന്റെ 'വയേശ്രേഷ്ഠ സമ്മാൻ' സംസ്ഥാന സർക്കാരിന്റെ 2011-12 വർഷത്തിലെ സംസ്ഥാന തല സ്വരാജ് ട്രോഫി ഒന്നാം സ്ഥാനം എന്നീ 4 പുരസ്ക്കാരങ്ങൾ പുലാമന്തോൾ ഗ്രാമപഞ്ചായത്ത് ഒരു വർഷത്തിനകം നേടി കഴിഞ്ഞു. കൂടാതെ 2013-14 സാമ്പത്തിക വർഷത്തിന്റെ ആദ്യ ദിവസം തന്നെ വാർഷിക പദ്ധതി നിർവ്വഹണം ആരംഭിച്ചുവെന്ന ഖ്യാതിക്കർഹമായ ചുരുക്കം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൊന്ന്കൂടിയാണ് പുലാമന്തോൾ ഗ്രാമപഞ്ചായത്ത്. ഇത്തരത്തിൽ മാതൃകപരമായ പദ്ധതികൾ നടപ്പിലാക്കിയ പുലാമന്തോൾ ഗ്രാമപഞ്ചായത്തിലേക്ക് 'കില' പഠന സന്ദർശനപരിപാടി സംഘടിപ്പിക്കുന്നു. നൂതന പദ്ധതികൾ സ്വയം കു പഠിക്കുന്നതിനും അതിലൂടെ ആർജ്ജിക്കുന്ന അറിവിന്റെ പിൻബലത്തിൽ കർമ്മപരിപാടി തയ്യാറാക്കി അതത് തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ പദ്ധതികൾ നടപ്പാക്കുന്നതിന് അവസരം ഒരുക്കുകയാണ് ലക്ഷ്യം. പഠന പരിപാടിയിലെ പങ്കാളികൾക്കായി തയ്യാറാക്കിയ ഈ ലഘു കൈപുസ്തകം പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ മാതൃകാ പദ്ധതിയിലേക്ക് വെളിച്ചം വീശുന്നു.

**ഡോ. പി.പി ബാലൻ**

2013 നവംബർ 21 — ഡയറക്ടർ

# 5.

# പെയിൻ ആന്റ് പാലിയേറ്റീവ് – പരിരക്ഷ പരിചരണ പദ്ധതി

കിടപ്പിലായ രോഗികളെ വീടുകളിൽ ചെന്ന് പരിചരിക്കുന്ന ഹോം കെയർ പദ്ധതിയാണ് പരിരക്ഷ പദ്ധതി. 2011 ജൂലായിലാണ് പരിരക്ഷ പദ്ധതിക്ക് പുലാമന്തോൾ ഗ്രാമപഞ്ചായത്ത് തുടക്കം കുറിച്ചത്. പഞ്ചായത്ത് മെമ്പർമാർ, ആശ-അംഗനവാടി വർക്കർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെയാണ് തുടക്കത്തിൽ സർവ്വേ നടത്തിയത്. കരാർ അടിസ്ഥാനത്തിൽ നിയമിച്ച നഴ്സിന്റെ നേതൃത്വത്തിൽ ആഴ്ചയിൽ രു ദിവസം പഞ്ചായത്ത് മെമ്പർമാർ, ആശ-ആരോഗ്യ പ്രവർത്തകർ എന്നിവരുടെ ഒരു ടീം ആണ് വീടുകളിൽ സന്ദർശനം നടത്തി പരിചരണം നൽകുന്നത്. നിലവിൽ 207 രോഗികൾക്ക് പരിചരണം നൽകി വരുന്നു്. ഇതിൽ കാൻസർ രോഗികൾ, ഡയാലിസിസ് രോഗികൾ, നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ, കിടപ്പിലായവർ തുടങ്ങിയവർ ഉൾപ്പെടുന്നു. വാടകക്ക് എടുത്ത വാഹനത്തിലാണ് ഇവർ വീടുകളിൽ എത്തുന്നത്.

### 6.1. താഴെ പറയുന്ന രോഗികൾക്കാണ് പാലിയേറ്റീവ് കെയർ കൊ് മെച്ചമു ാതുന്നത്.

- ചികിത്സിച്ചു സുഖപ്പെടുത്താനാവാത്ത ഘട്ടത്തിലെത്തിയ കാൻസർ രോഗികൾ..
- വാർദ്ധക്യ സംബന്ധമായ വിവിധ രോഗങ്ങൾ കൊ് കിടപ്പിലായ വൃദ്ധ ജനങ്ങൾ..
- സാധാരണ നിലയിലേക്ക് തിരിച്ചുവരാൻ സാദ്ധ്യതയില്ലാത്ത പക്ഷാഘാത രോഗികൾ..
- നട്ടെല്ലിനും മറ്റും ക്ഷതം സംഭവിച്ചു ജീവിത കാലം മുഴുവൻ കിടപ്പിലായ രോഗികൾ..
- വൃക്കരോഗം മൂലം ബുദ്ധിമുട്ടുന്നവർ..
- മാനസിക രോഗികൾ..

#### 4.1.2. പദ്ധതി പ്രവർത്തനങ്ങൾ

- പുലാമന്തോൾ കേന്ദ്രീകരിച്ച് 'പുലാമന്തോൾ ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോപ്ലക്സ് പ്രൈവറ്റ് ലിമിറ്റസ് കമ്പനി' 2003 ൽ രജിസ്റ്റർ ചെയ്തു
- രാഷ്ട്രീയ കക്ഷി പ്രതിനിധികളും സന്നദ്ധ പ്രവർത്തകരുമടങ്ങുന്ന ഈ കമ്പനി വില കൊടുത്തു വാങ്ങിയ 50 സെന്റ് ഭൂമിയിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോപ്ലക്സ് നിർമ്മിച്ച് ബി.ഒ.ടി (BOT –Build Operate Transfer) അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനുള്ള കരാറിൽ ഗ്രാമപഞ്ചായത്തുമായി ഏർപ്പെടുകയും തുടർന്ന് ആവശ്യമായ അനുമതി ഗ്രാമപഞ്ചായത്തിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്ന് പ്രത്യേക അനുമതിയും ലഭിച്ചു.
- 25.05.2007 ൽ ബി.ഒ.ടി അടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങിയ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോപ്ലക്സിലെ 20 വർഷം കഴിഞ്ഞാൽ കരാർ പ്രകാരം ബസ്റ്റ് സ്റ്റാന്റ് യാർഡും 50 സെന്റ് സ്ഥലവും, അതിൽ നിന്നുള്ള വരുമാനങ്ങളും ആസ്തിയും ഗ്രാമപഞ്ചായത്തിന്റെതായി മാറുന്നു.

#### 4.1.3. പദ്ധതി നേട്ടങ്ങൾ

- ഗ്രാമപഞ്ചായത്തിന് യാതൊരുവിധ മുതൽമുടക്കില്ലാതെ വസ്തുനികുതി, തൊഴിൽ നികുതി ലൈസൻസ് ഫീ ഇനങ്ങളിൽ 1.75 ലക്ഷം രൂപ പ്രതിവർഷം അധിക വരുമാനം ലഭിക്കും.
- ജനങ്ങൾക്ക് നഗര മദ്ധ്യത്തിൽ സൗകര്യപ്രദമായ ബസ്സ് വെയിറ്റിംഗ് ഷെഡ് സൗകര്യം ഇതുമൂലം ലഭ്യമായി
- ഷോപ്പിംഗ് കോപ്ലക്സിൽ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ തരത്തിൽ വില്ലേജ് ഓഫീസ്, പോസ്റ്റ് ഓഫീസ്, മാവേലി സ്റ്റോർ, കെ.എസ്.എഫ്.ഇ എന്നീ സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് വഴിയൊരുക്കി.
- ജനപങ്കാളിത്ത പ്രവർത്തനങ്ങളുടെ ഉത്തമ മാതൃക സൃഷ്ടിക്കാൻ സാധിച്ചു.



## ഉള്ളടക്കം


| | | പേജ് |
|---|---|---|
| | ആമുഖം | (i) |
| I. | പുലാമന്തോൾ ഗ്രാമപഞ്ചായത്ത് - ഒറ്റ നോട്ടത്തിൽ | 1 |
| II. | പുലാമന്തോൾ ഗ്രാമപഞ്ചായത്ത് - പൊതു വിവരങ്ങൾ | 2 |
| III. | മാതൃകാ പദ്ധതികൾ | |
| | 1. മഴപ്പൊലിമ – കുടിവെള്ള സ്രോതസ്സുകളുടെ റീചാർജ്ജിംഗ് | 5 |
| | 2. ക്ലീൻ പുലാമന്തോൾ പദ്ധതി - മാലിന്യ സംസ്കരണം | 8 |
| | 3. ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ | 14 |
| | 4. ബസ്സ് സ്റ്റാന്റ് കം ഷോപ്പിംങ്ങ് കോപ്ലക്സ് | 19 |
| | 5. പെയിൻ ആന്റ് പാലിയേറ്റീവ് - പരിചരണ പദ്ധതി | 21 |
| | 6. സമയബന്ധിത ആസുത്രണ നടപടി ക്രമങ്ങൾ | 22 |

# 4.

## ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്

(പഞ്ചായത്ത്, പ്രൈവറ്റ് പാർട്ണർഷിപ്പ് മാതൃക)

ഗ്രാമപഞ്ചായത്തിന്റെ പൊതുഭരണ രംഗത്ത് സാമ്പത്തിക അച്ചടക്കം പാലിച്ച് കൊും വിഭവ സമാഹരണത്തിന്റെ ശ്രദ്ധ കേന്ദ്രീകരിച്ച് തനത്, വിഭവ സമാഹരണം ഊർജ്ജിതപ്പെടുത്തിയും മെച്ചപ്പെട്ട ധന കാര്യമാനേജ്മെന്റ് ശ്രമങ്ങളാണ് ഭരണ സമിതി നടത്തി വരുന്നത്. ഇവയിൽ ശ്രദ്ധേയ മായവ മാതൃകാപര മായ പ്രവർത്തനങ്ങ ളിലൊന്നാണ് പുലാ മന്തോൾ ഗ്രാമപ ഞ്ചായത്ത് കം ഷോപ്പിംഗ് കോപ്ലക്സ്.




#### 4.1.പദ്ധതിയുടെ പ്രസക്തി

- ഭാരിച്ച തുക തനത് ഫ് വകയിരുത്തി ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോപ്ലക്സ് നിർമ്മിച്ചിട്ടും ആനുപാതികമായ വരുമാനം ലഭിക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളു്. ഇവയിൽ നിന്ന് വ്യത്യസ്തമായി യാതൊരു തുകയും ഗ്രാമപഞ്ചായത്ത് ചെലവഴിക്കാതെ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോപ്ലക്സിൽ നിന്നും വരുമാനം ലഭിക്കുന്ന നൂതന ആശയം.
- വർഷം തോറും 1.75 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് മുതൽ മുടക്കില്ലാതെ നികുതി ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കുന്നു. കൂടാതെ വർഷം തോറും 21,600 രൂപ നേരിട്ട് ബസ്സ് സ്റ്റാന്റ് വരവായും ലഭിക്കുന്നു.

കാണിച്ചിട്ടുള്ളയാൾ) അപകടം മൂലം മരണപ്പെട്ടാൽ അവകാശികൾക്ക് 25,000 രൂപ ലഭിക്കുന്നു.

(3). അവശതാനുകൂല്യം (Disability Cover) വരുമാനമുള്ള കുടുംബനാഥൻ അസുഖം/ അപകടം മൂലം ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടാൽ പ്രതിദിനം 50 രൂപ നിരക്കിൽ ഒരു വർഷം പരമാവധി 15 ദിവസത്തേക്ക് ആനുകൂല്യം നൽകുന്നു. ആദ്യത്തെ 3 ദിവസം ഒഴിവാക്കുന്നതാണ്.

| പ്രീമിയം നിരക്ക് | വാർഷിക പ്രീമിയം |
|---|---|
| ഒരു വ്യക്തിക്ക് | 300 രൂപ |
| അച്ഛൻ, അമ്മ, 3 കുട്ടികൾ, 5 പേർ | 450 രൂപ |
| അച്ഛൻ, അമ്മ, 3 കുട്ടികൾ 7 പേർ (ആശ്രിതരായ മാതാപിതാക്കൾ) | 600 രൂപ |

ഈ പദ്ധതിയിൽ അടയ്ക്കുന്ന പ്രീമിയത്തിന് സേവന നികുതി (Service Tax) ബാധകമല്ല

### 3.3. കൈവരിച്ച നേട്ടങ്ങൾ

- സംസ്ഥാനത്തെ ഏത് ആശുപത്രിയിൽ കിടത്തി ചികിത്സിച്ചാലും ആശുപത്രി ചികിത്സാ ചെലവ് ബിൽ തുക തിരികെ ലഭിക്കും
- രോഗികളുടെയും കുടുംബാംഗങ്ങളുടെയും സൗകര്യാർത്ഥം ചികിത്സാ കേന്ദ്രം തെരഞ്ഞെടുക്കാൻ സാധിക്കും.

### 3.4. പ്രശ്നങ്ങൾ/ വെല്ലുവിളികൾ

- പ്രീമിയം തുകയ്ക്ക് സബ്സിഡി ലഭിക്കുന്നില്ല, ഗുണഭോക്താവ് സ്വന്തമായി നൽകണം
- അഗതി കുടുംബങ്ങളെയും നിർദ്ധനരെയും ഈ പദ്ധതിയുടെ ഭാഗമാക്കാൻ കഴിയുന്നില്ല.
- ആശുപത്രികളിൽ ചികിത്സക്ക് പണം നൽകി വരുന്നു.



# I. പുലാമന്തോൾ ഗ്രാമപഞ്ചായത്ത്-ഒറ്റനോട്ടത്തിൽ

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്കിൽപ്പെട്ട പുലാമന്തോൾ ഗ്രാമപഞ്ചായത്ത് ഭാരതപ്പുഴയുടെ പോഷക നദിയായ കുന്തിപുഴയുടെ വടക്കേ തീരത്ത് സമതലങ്ങളും ചെറിയ മലനിരകളും അടങ്ങിയ പുലാമന്തോൾ ജലസമ്പത്ത് കൊും ഫലഭൂയിഷ്ഠത കൊും സമ്പന്നമാണ്. ഈ നദീതീരം സംസ്കാരങ്ങളുടെ സമ്പന്ന ചരിത്രവും സ്വാതന്ത്ര സമര ചരിത്രവും ഉൾചേർന്ന് കിടക്കുന്നു. അധിനിവേശത്തിനെതിരായ ചെറുത്തു നിൽപുകൾക്കെതിരെ നടന്ന കൊടും ക്രൂരതയായി ബ്രിട്ടീഷ് പത്രങ്ങൾ പോലും വിശേഷിപ്പിച്ച 1921 ലെ 'വാഗൺ ട്രാജഡി' സംഭവത്തിൽ മരണപ്പെട്ട 70 പേരിൽ 41 പേർ പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ കുരുവമ്പലം, വളപുരം, ചെമ്മലശ്ശേരി നിവാസികളായിരുന്നു. പഴയ തിരു കൊച്ചി പ്രദേശത്തു നിന്ന് മലബാറിലേക്കുായ കുടിയേറ്റം പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ സമസ്തമേഖലകളിലും വിശിഷ്യ കാർഷിക മേഖലയിൽ കാര്യമായ ചലങ്ങളുാക്കി. ഗ്രാമപഞ്ചായത്തിലെ മൊത്തം പാടശേഖരങ്ങളുടെ അറുപത് ശതമാനം വരുന്ന 'പാലൂർ പാടം' ഉൽപ്പാദന ക്ഷമതയുടെ കാര്യത്തിൽ സംസ്ഥാന ശരാശരിയെക്കാൾ വളരെ മുന്നിലാണ്. അക്ഷാംശം $10^{0}55$ ഉം $10^{0}57$ ഉം രേഖാംശം $76^{0}09$ ഉം $76^{0}02$ നും ഇടയിൽ മലപ്പുറം ജില്ലയുടെ തെക്കേ അറ്റത്ത് മദ്ധ്യഭാഗത്തായി പുലാമന്തോൾ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നു.

# II. പുലാമന്തോൾ ഗ്രാമപഞ്ചായത്ത്–പൊതുവിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | പുലാമന്തോൾ |
| വില്ലേജ് | : | പുലാമന്തോൾ, കുരുവമ്പലം |
| താലൂക്ക് | : | പെരിന്തൽമണ്ണ |
| ബ്ലോക്ക് | : | പെരിന്തൽമണ്ണ |
| ജില്ല | : | മലപ്പുറം |
| നിയമസഭാ മണ്ഡലം | : | പെരിന്തൽമണ്ണ |
| ലോക സഭാ മണ്ഡലം | : | മലപ്പുറം |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | ഏലംകുളം, കുളത്തൂർ |
| ബ്ലോക്ക് ഡിവിഷൻ | : | പുലാമന്തോൾ, കുരുമ്പലം, പരിയാപുരം |
| അതിരുകൾ : | | |
| വടക്ക് | : | പുഴക്കാട്ടിരി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : | ഏലംകുളം ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | കുലുക്കല്ലൂർ, വിളയൂർ ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | മൂർക്കനാട് ഗ്രാമപഞ്ചായത്ത് |
| വാർഡുകൾ | : | 20 |
| ആകെ വീടുകളുടെ എണ്ണം | : | 7600 |
| ജനസംഖ്യ | : | 41871 |
| പുരുഷന്മാർ | : | 21054 |
| സ്ത്രീകൾ | : | 20817 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 11 |
| പട്ടികജാതി ജനസംഖ്യ | : | 3198 |
| സാക്ഷരത | : | 98% |
| വിസ്തീർണ്ണം | : | 32.15 ച.കി.മി |
| സ്ഥാനം | : | അക്ഷാംശം $10^0 55"$ ഉം $10^0 57"$ ഉം |
| | : | രേഖാംശം $76^0 09"$ ഉം $76^0 02"$ ഇടയിൽ |
| ഉയരം | : | സമുദ്ര നിരപ്പിൽ നിന്ന് 40-160 മീറ്ററിനും ഇടയിൽ |
| ശരാശരി ഊഷ്മാവ് | : | $27^0$ C |



കമ്പനിക്ക് കൈമാറുന്നു. ചികിത്സാ ചെലവിന്റെ ബിൽ ഹാജരാക്കുന്ന മുറക്ക് ക്ലെയിം തുക ഈ അക്കൗിൽ നിന്ന് പിൻവലിച്ച് പോളിസി ഹോർഡർക്ക് ചെക്ക് മുഖാന്തിരം നൽകുന്നു. 20 രൂപ ഇതിനായി സർവ്വീസ് ചാർജ്ജ് ഈടാക്കുന്നു. ഒരു വർഷത്തിനുള്ളിൽ 25,000 രൂപ വരുന്ന 10 ഓളം ക്ലെയിമുകൾ നൽകിയിട്ടു്.

### 3.2.3. ഗുണഭോക്താക്കൾ

- ഗ്രാമപഞ്ചായത്തിലെ ദരിദ്ര ജനവിഭാഗങ്ങൾ
- ആദ്യ വർഷം 400 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായി

### 3.2.4. പദ്ധതിയിൽ കീഴിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ

(1). അപകടം/ അസുഖം മൂലം ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടാൽ താഴെ പറയുന്ന പരിധികൾക്കു വിധേയമായി പരമാവധി 30,000 രൂപയുടെ ചിലവുകൾ തിരികെ ലഭിക്കുന്നു.

| | |
|---|---|
| മുറിവാടക, താമസ ചിലവുകൾ | പ്രതിദിനം 150 രൂപ വരെ |
| ഐ.സി.യു വിൽ പ്രവേശിക്കപ്പെട്ടാൽ | പ്രതിദിനം 300 രൂപ വരെ |
| ഡോക്ടർമാരുടെ ഫീസ്, നേഴ്സിംഗ് ചാർജ്ജുകൾ | ഒരസുഖത്തിന്/ ഒരപകടത്തിന് 4500 രൂപ വരെ |
| അനസ്തേഷിയ, രക്തം, ഓക്സിജൻ, ഓപ്പറേഷൻ | ഒരസുഖത്തിന്/ ഒരപകടത്തിന് 4500 രൂപ |
| ലബോറട്ടറി ചാർജ്ജുകൾ എന്നിവ | |

മുകളിൽ പറഞ്ഞ രീതിയിൽ ഒരസുഖത്തിന്/ ഒരപകടത്തിന് പരമാവധി ലഭിക്കുന്ന ചികിത്സാ തുക 15,000 രൂപയായിരിക്കും. പരമാവധി വാർഷിക ചികിത്സാനുകൂല്യമായ 30,000 രൂപ കുടുംബാഗങ്ങൾ ഒറ്റക്കോ ഒന്നിലധികം പേർക്കോ ലഭിക്കുന്നതാണ്.

(2). വ്യക്തിഗത അപകട ഇൻഷൂറൻസ് (Personal Accident Insurance) വരുമാനമുള്ള കുടുംബനാഥൻ (പോളിസിയിൽ

- താമസ പ്രദേശത്തിന്റെ തൊട്ടടുത്തുള്ള ആരോഗ്യ സ്ഥാപനത്തിൽ ചികിത്സ ലഭിക്കുന്നു
- വർദ്ധിച്ച ചികിത്സാ ചെലവുകളിൽ നിന്ന് മോചനം ലഭിക്കുന്നു.

### 3.1.6. പ്രശ്നങ്ങൾ/വെല്ലുവിളികൾ

- ജീവകാരുണ്യ പ്രവർത്തനമെന്ന നിലയിൽ നടപ്പിലാക്കുന്നതിനാൽ കൂടുതൽ പേരെ ഗുണഭോക്താക്കളാക്കാൻ കഴിയുന്നില്ല
- പ്രീമിയം തുക സഹായമായി നൽകുന്ന ആശുപത്രിയിൽ മാത്രമായി സൗകര്യം പരിമിതപ്പെടുന്നു.

## 3.2. ഗ്രാമപഞ്ചായത്ത് ആരോഗ്യ ഇൻഷൂറൻസ് പദ്ധതി


### 3.2.1. പദ്ധതിയുടെ പ്രസക്തി

- എ.പി.എൽ, ബി.പി.എൽ വ്യത്യാസം ഇല്ലാതെ ഗ്രാമപഞ്ചായത്ത് നേതൃത്വത്തിൽ നാഷ്ണൽ ഇൻഷൂറൻസ് കമ്പിനിയുമായി യോജിച്ച് നടപ്പിലാക്കുന്ന പദ്ധതി
- കേരളത്തിൽ ഏത് ആശുപത്രിയിലും 24 മണിക്കൂറിലധികം വരുന്ന സമയം 'ഇൻപേഷ്യന്റ്' (കിടത്തി ചികിത്സ)ആവുന്ന രോഗിക്ക് ആശുപത്രിയിൽ നൽകുന്ന ബിൽ തുക തിരികെ ലഭിക്കുന്നു. (Reimbursement facility)

### 3.2.2. പദ്ധതി പ്രവർത്തനങ്ങൾ

2012 ജൂൺ മാസം ആംരഭിച്ച ചികിത്സ തുക തിരികെ ലഭിക്കുന്ന ആരോഗ്യ ഇൻഷൂറൻസ് പദ്ധതി എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ 5 അംഗ കുടുംബത്തിന് വാർഷീക പ്രീമിയം 450 രൂപ നൽകിയാൽ 30,000 രൂപയുടെ ചികിത്സാ ചെലവുകൾ ഈ പദ്ധതിയിൽ കീഴിൽ ലഭിക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കുടുംബശ്രീ, സി.ഡി.എസ് പ്രസിഡന്റ് എന്നിവരുടെ പേരിൽ പുലാമന്തോൾ എസ്.ബി.റ്റി ശാഖയിൽ തുടങ്ങിയ ജോയിന്റ് അക്കൗ മുഖേനയാണ് ധനകാര്യ ഇടപാടുകൾ കൈകാര്യം ചെയ്യുന്നത്. പ്രീമിയം തുക ശേഖരിച്ച് ഈ അക്കൗിൽ നിക്ഷേപിച്ച് ഇൻഷൂറൻസ്





## പുലാമന്തോൾ ഗ്രാമപഞ്ചായത്ത് –
## പഞ്ചായത്ത് ഭരണസമിതി (2010–2015)

| | | |
|---|---|---|
| പ്രസിഡ് | - | ശ്രീമതി. എം.കെ റഫീഖ |
| വൈസ് പ്രസിഡ് | - | ശ്രീ. എം. അബൂബക്കർ |
| ചെയർപേഴ്സൺ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി | - | ശ്രീമതി. കെ. ജമീല |
| ചെയർമാൻ, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | - | ശ്രീ. കെ.കെ ഹൈദ്രോസ് ഹാജി |
| ചെയർ പേഴ്സൺ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | - | ശ്രീമതി. എൻ.കെ സതി |

മെമ്പർമാർ :

| | | |
|---|---|---|
| വാർഡ് 1 | - | ശ്രീ. പി.പി വിനോദ് |
| വാർഡ് 2 | - | ശ്രീമതി. എൽസമ്മ ചെറിയാൻ |
| വാർഡ് 3 | - | ശ്രീമതി. കെ.പി പാത്തുമ്മ |
| വാർഡ് 4 | - | ശ്രീ. കെ ഉസ്മാൻ ഹാജി |
| വാർഡ് 5 | - | ശ്രീ. കെ.എം നൂറുൽ അമീൻ |
| വാർഡ് 6 | - | ശ്രീ. കെ.എം. യൂനുസ് സലിം |
| വാർഡ് 7 | - | ശ്രീ. പരീത് ബാബു |
| വാർഡ് 8 | - | ശ്രീ. എം. അബൂബക്കർ |
| വാർഡ് 9 | - | ശ്രീമതി. ടി. ജലജ |
| വാർഡ് 10 | - | ശ്രീമതി. എൻ.കെ സതി |
| വാർഡ് 11 | - | ശ്രീ. പി.കെ ഖാലിദ് |
| വാർഡ് 12 | - | ശ്രീമതി. ഷഹബാനത്ത് |
| വാർഡ് 13 | - | ശ്രീ. ടി.പി ജയാനന്ദൻ |
| വാർഡ് 14 | - | ശ്രീ. കെ.കെ ഹൈദ്രോസ് ഹാജി |
| വാർഡ് 15 | - | ശ്രീമതി. എം.കെ റഫീഖ |
| വാർഡ് 16 | - | ശ്രീമതി. വസന്തകുമാരി |
| വാർഡ് 17 | - | ശ്രീമതി. കെ. ഖദീജ |
| വാർഡ് 18 | - | ശ്രീ. മേലേതിൽ സൈതലവി ഹാജി |
| വാർഡ് 19 | - | ശ്രീമതി. കെ. ജമീല |
| വാർഡ് 20 | - | ശ്രീമതി. എം.ടി നസീറ |

| | | |
|---|---|---|
| സെക്രട്ടറി | - | ശ്രീ. സിദ്ദീഖ് |



ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ പുലാമന്തോൾ ഗ്രാമ പഞ്ചായത്തിലെ 1000 പേർക്ക് ചികിത്സാ അനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 391 പേരുടെ പ്രീമിയം തുക 2013 ജൂൺ 30 നുള്ളിൽ അടച്ച് കഴിഞ്ഞു.

- ആകെയുള്ള പ്രീമിയം തുക രൂപ. 450/- എം.ഇ.എസ് മെഡിക്കൽ കോളേജിന്റെ ജീവകാരുണ്യ പ്രവർത്തനത്തിലുൾപ്പെടുത്തി ചെലവഴിക്കുന്നു.
- ഒരു കുടുംബത്തിലെ 5 അംഗങ്ങൾക്ക് ഈ സ്കീമിൽ ആരോഗ്യ ഇൻഷൂറൻസ് കവറേജ് ലഭിക്കുന്നു.
- വയോജനങ്ങൾക്ക് "വയോസൗഖ്യം" പദ്ധതിയുടെ ഭാഗമായി സൗജന്യ ചികിത്സയും മരുന്നും എല്ലാ മാസവും നൽകി വരുന്നു. വയോസൗഖ്യം പദ്ധതിയുമായും അംഗനവാടി വിദ്യാർത്ഥികൾക്കുള്ള സൗജന്യ ആരോഗ്യപരിപാലന പദ്ധതിയുമായും എം.ഇ.എസ് മെഡിക്കൽ കോളോജ് സഹകരിച്ച് അനുബന്ധ പ്രവർത്തനങ്ങളായി നടത്തി വരുന്നു.

### 3.1.2. വിഭവ സ്രോതസ്

| |
|---|
| വിഭവ സമാഹരണം MES. 450 x 391= 175950 |

### 3.1.3. പദ്ധതി കാലയളവ്: ഒരു വർഷം

2013-14, തുടർ വർഷങ്ങളിലും ഇതേ പ്രീമിയം തുകയിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്

### 3.1.4. ഗുണഭോക്താക്കൾ

ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായ ദരിദ്രജനവിഭാഗങ്ങൾ, ഗ്രാമസഭയിൽ നിന്ന് തിരഞ്ഞെടുത്തു.

### 3.1.5. നേട്ടങ്ങൾ

- നിർദ്ധന കുടുംബാംഗങ്ങൾക്ക് ആരോഗ്യ ഇൻഷൂറൻസ് പദ്ധതി ഗുണഭോക്താക്കളാവാൻ അവസരം സൃഷ്ടിക്കുന്നു.

# 3.

# ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ

വ്യക്തി/ കുടുംബഗത ആരോഗ്യ ഇൻഷൂറൻസ് പരിധിയിൽ ഗ്രാമപഞ്ചായത്തിലെ സാധാരണക്കാരായ 70% കുടുംബങ്ങളും വരുന്നില്ല. മാത്രവുമല്ല സംസ്ഥാന സർക്കാർ ആരോഗ്യ ഇൻഷൂറൻസ് സ്കീമിലും ബി.പി.എൽ മാനദണ്ഡങ്ങൾ ഉള്ളതിനാൽ ഇടത്തരക്കാരും, മദ്ധ്യ വർക്ഷക്കാരുമായ 50% ശതമാനത്തിലധികം വരുന്ന ജനവിഭാഗത്തിന്റെ ആരോഗ്യ ഇൻഷൂറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് നേതൃത്വ പരമായ പങ്ക് വഹിച്ച് എം.ഇ.എസ് മെഡിക്കൽ കോളേജ് പെരിന്തൽമണ്ണ, നാഷ്ണൽ ഇൻഷൂറൻസ് കമ്പിനിയുമായി സഹകരിച്ച് ഒരു പദ്ധതിയും നാഷ്ണൽ ഇൻഷൂറൻസ് കമ്പിനിയുമായി മാത്രം ബന്ധപ്പെട്ട മറ്റൊരു പദ്ധതിയും നടപ്പിലാക്കുന്നു.

### 3.1 മാപ്പസ് (MAPS- MES Arogya Pariraksha Scheme)

### പദ്ധതിയുടെ പ്രസക്തി

- പൊതു-സ്വകാര്യ പ്രാദേശിക സർക്കാർ പങ്കാളിത്തം ഫലപ്രദമായി നടപ്പിലാക്കിയ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി
- പ്രാദേശിക ഭരണകൂടത്തിന് സാമ്പത്തിക ബാധ്യതകളില്ലാത്ത പൗരൻമാർക്ക് ആരോഗ്യ ഇൻഷൂറൻസ് പരിരക്ഷ.
- പ്രതിവർഷം 30,000 രൂപയുടെ സൗജന്യ ഇൻഷൂറൻസ് പരിരക്ഷ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വപരമായ ഇടപെടലിലൂടെ നടപ്പിലാക്കാൻ സാധിച്ചു.

### 3.1.1. പദ്ധതി പ്രവർത്തനങ്ങൾ

- ഗ്രാമപഞ്ചായത്തിന്റെ അടുത്ത് പ്രവർത്തിച്ചു വരുന്ന എം.ഇ.എസ് മെഡിക്കൽ കോളേജും, പൊതു മേഖലാ ഇൻഷൂറൻസ് സ്ഥാപനമായ നാഷണൽ ഇൻഷൂറൻസ് കമ്പിനിയുമായി ചേർന്ന് 2013-14 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന



# III. മാതൃകാ പദ്ധതികൾ

### 1. മഴപ്പൊലിമ – കുടിവെള്ള സ്രോതസ്സുകളുടെ റീചാർജ്ജിംഗ്

ഭൂപ്രകൃതി അനുസരിച്ച് പുലാമന്തോൾ ഗ്രാമപഞ്ചായത്തിനെ ആറായി തരംതിരിക്കാവുന്നതാണ്. (1. ഉയർന്ന മേഖല, 2. കുത്തനെയുള്ള ചെരിവ്, 3. ചെറു ചെരിവ്, 4. താഴ്വര, 5.സമതലം, 6. തോടുകൾ, പുഴകൾ) പഞ്ചായത്തിലെ വാർഡ് രിൽ ഉൾപ്പെടുന്ന പ്രദേശമായ "ചീരാട്ടമല" ഉയർന്ന ഭൂപ്രദേശ മേഖലയിൽപ്പെട്ടതാണ്. വേനൽക്കാലത്തെ ദൗർലഭ്യം ഇവിടുത്തെ മുഖ്യപ്രശ്നങ്ങളിലൊന്നായിരുന്നു. ഇതിനുള്ള ശാശ്വത പരിഹാരമായാണ് മഴപ്പൊലിമ ഒന്നാം ഘട്ടം 2012-13 ൽ പദ്ധതി വിഭാവനം ചെയ്തത്. അടുത്ത ഘട്ടങ്ങളിൽ ഗ്രാമപഞ്ചായത്തിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന മുഴുവൻ കുടിവെള്ള സ്രോതസ്സുകളെയും ഈ പദ്ധതിയുടെ ഭാഗമാക്കാനാണുദ്ദേശിക്കുന്നത്. 2013-14 സാമ്പത്തിക വർഷം 14,15 വാർഡുകളിലെ 140 വീടുകളിലും പദ്ധതി പൂർത്തിയാക്കി.

### 1.1 പദ്ധതി പ്രവർത്തനങ്ങൾ

ഒന്നാം ഘട്ടത്തിൽ 72 കുടുംബങ്ങളും രാം ഘട്ടത്തിൽ 140 കുടുംബങ്ങളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായത്. ഗാർഹിക കിണറുകളുടെ സമീപത്തായി ഒരു മീറ്റർ വീതിയിലും ഒന്നര മീറ്റർ ആഴത്തിലുമുള്ള കുഴിയെടുത്ത്, വീടിന്റെ മേൽക്കൂരയിൽ നിന്ന് സംഭരിക്കുന്ന മഴവെള്ളം പി.വി.സി പൈപ്പിലൂടെ കുഴികളിൽ എത്തിക്കുന്നതാണ് ഈ കിണർ റീചാർജ്ജിംഗ് പ്രക്രിയ. തൊഴിലുറപ്പ് പദ്ധതിയിലെ 20 വനിതകൾക്ക് പ്രത്യേക പരിശീലനം നൽകിയാണ് പദ്ധതി നടപ്പിലാക്കിയത്. തൃശ്ശൂരിലെ ജില്ലാ കലക്ടർ ചെയർമാനായ മഴപൊലിമ മോണിറ്ററിംഗ് & കോ-ഓർഡിനേഷൻ യൂണിറ്റ് (MMCU) എന്ന സർക്കാർ അംഗീകൃത ഏജൻസിയുടെ മേൽ നോട്ടത്തിലും സാങ്കേതിക സഹായത്തിലുമാണ് പദ്ധതി നടപ്പാക്കിയത്.

## 1.2 വിഭവ സ്രോതസ്സുകൾ

| | | ശതമാനം | 2012–13 ഒന്നാംഘട്ടം | 2013–14 ര ാം ഘ ട്ടം |
|---|---|---|---|---|
| പശ്ചിമഘട്ട വികസന പദ്ധതി | : | 80% | 2,52,000/- | 5,04,000/- |
| ഗ്രാമപഞ്ചായത്ത് | : | 10% | 31,500/- | 63,000/- |
| ഗുണഭോക്താക്കൾ | : | 10% | 31,500/- | 63,000/- |
| അനുബന്ധം: പരിശീലനവും മറ്റും | : | | 54,500/- | 1,09,000/- |
| അടങ്കൽ തുക | : | | 3,69,500/- | 7,39,000/- |

## 1.3 പദ്ധതി അടങ്കൽ

പദ്ധതിയുടെ അടങ്കൽ തുക 11.08500 ലക്ഷം രൂപ (പതിനൊന്ന് ലക്ഷത്തി എണ്ണായിരത്തി അഞ്ഞൂറ് രൂപ).

| പശ്ചിമഘട്ട വികസന പദ്ധതി | ഗ്രാമപഞ്ചായത്ത് | ഗുണഭോക്താവ് | യൂണിറ്റ് കോസ്റ്റ് |
|---|---|---|---|
| 3600 രൂപ | 450 രൂപ | 450 രൂപ | 4500 രൂപ |





## 2.3. കൈവരിച്ച നേട്ടങ്ങൾ

- ഗാർഹിക ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കപ്പെടുന്നു.
- പൊതു സ്ഥാപനങ്ങളിലെ ജൈവ മാലിന്യങ്ങളിൽ നിന്ന് പാചകത്തിനാവശ്യമായ ഇന്ധന ലഭ്യത
- വാസഗൃഹങ്ങളിലെ ബയോഗ്യാസ് പ്ലാന്റുകളിൽ നിന്ന് പാചകവാതക ഇന്ധന ലഭ്യത
- പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കുന്നു കൂടാതെയും, സംസ്ക്കരണ വിഷമതകളില്ലാതെയും ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക ബാധ്യതകളില്ലാതെയും റീ സൈക്ലിംഗ് നടക്കുന്നു.
- ജൈവ മാലിന്യ ഉറവിട സംസ്ക്കരണത്തിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠത പതിൻമടങ്ങ് വർദ്ധിക്കുന്നു.
- കേന്ദ്രീകൃത സംസ്കരണ യൂണിറ്റുകളുടെ പ്രായോഗീക തടസ്സങ്ങൾ, ബുദ്ധിമുട്ടികൾ നേരിടേി വരുന്നില്ല.

## 2.4. പ്രശ്നങ്ങൾ/ വെല്ലുവിളികൾ

- ബോധവൽക്കരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താനാവുന്നില്ല
- മാലിന്യങ്ങൾ ജൈവം, അജൈവം എന്ന രീതിയിൽ സാർവ്വത്രികമായി വേർതിരിക്കാതെ സംഭരിക്കുന്നു.
- ശുചിത്വ മിഷൻ വിഹിതം യഥാസമയം ലഭ്യമല്ലാത്ത അവസ്ഥ

ദിവസങ്ങളിൽ എത്തി ക്യാരിബാഗുകളിലെ മാലിന്യം ഒന്നാകെ അവരുടെ റീസൈക്ലിംഗ് യൂണിറ്റിലെത്തിക്കുന്നു. ക്യാരി ബാഗുകൾ നൽകുന്നതിനായി ആവശ്യമായ തുക വാർഡ് ശുചിത്വ സമിതിയുടെ ള ഇ ൗ ഫ ക ഫ ിൽ നിന്നും 10,000 രൂപ വീതം 20 വാർഡുകളിൽ നിന്ന് സ്വരൂപിച്ചു. ബാക്കി 5,000 രൂപ ത ന ത ു ഫ ിൽ നിന്നും നൽകി. ഇതു കാരണം ഗ്രാമപഞ്ചായത്തിന് ഈ പദ്ധതിയിൽ അധിക സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കാൻ കഴിഞ്ഞു.




## 2.2. വിഭവ സ്രോതസ്സുകൾ

| ക്രം. നം | ഇനം | വിഭവ സ്രോതസ്സുകൾ | | | |
|---|---|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് | ശുചിത്വ മിഷൻ | ഗുണ ഭോക്തൃ വിഹിതം | ആകെ |
| 1. | പൈപ്പ് കംപോസ്റ്റ് | 125 രൂപ | 675 രൂപ | 100 രൂപ | 900 രൂപ |
| 2. | ഗാർഹിക ബയോ ഗ്യാസ് പ്ലാന്റ് | 2500 രൂപ | 5000 രൂപ | 6200 രൂപ | 13700രൂപ |
| 3. | പൊതു സ്ഥാപനങ്ങളിലെ ബയോ ഗ്യാസ് പ്ലാന്റ് | ഹൈസ്കൂൾ: 2 ലക്ഷം<br>യു.പി സ്കൂൾ: 1ലക്ഷം | ഇല്ല | ഇല്ല | ഹൈസ് കൂൾ: 2 ലക്ഷം<br>യു.പി സ്കൂൾ: 1ലക്ഷം |



## 1.4. കൈവരിച്ച നേട്ടങ്ങൾ

- പാഴായി പോകുന്ന മഴവെള്ളം ഭൂമിയിൽ ഊഴ്ന്നിറങ്ങി കുടിവെള്ള സ്രോതസ്സുകളിൽ സംരക്ഷിക്കപ്പെടുന്നു.
- ഉയർന്ന ഭൂപ്രദേശത്തിന്റെ ജലവിതാനം ക്രമേണ ഉയരുന്നു.
- വേനൽക്കാലങ്ങളിലെ ജലദൗർലഭ്യത്തിന് ശാശ്വത പരിഹാരം ഉാവുന്നു.
- പൊതുസമൂഹത്തിൽ ‘ജലസംസ്കാരം’ രൂപപ്പെടുന്നു.

## 1.5 പ്രശ്നങ്ങൾ/ വെല്ലുവിളികൾ

- യൂണിറ്റ് കോസ്റ്റിന്റെ കാലാതീതമായ വർദ്ധനവ്
- സംയോജിത പദ്ധതിയായതിനാൽ വിഭവ സമാഹരണത്തിലെ അനിശ്ചിതത്വം.
- വർഷം തോറും മാലിന്യം കെ് പൈപ്പുകൾ അടഞ്ഞുപോകുന്നു.



# 2.

## ‘ക്ലീൻ പുലാമന്തോൾ’ പദ്ധതി – മാലിന്യ ലഘൂകരണം

അണു കുടുംബ വ്യവസ്ഥ വ്യാപകമായതോടെ ഗൃഹങ്ങളുടെ എണ്ണം പതിന്മടങ്ങ് വർദ്ധിച്ചതും പെരിന്തൽമണ്ണ നഗര സാമീപ്യം മൂലം നഗര കേന്ദ്രീകൃത സ്വഭാവ വിശേഷണങ്ങൾ പ്രത്യേകിച്ച്, കച്ചവട സ്ഥാപനങ്ങളുടെ ക്രമാതീതമായ വർദ്ധനവും മൂലം ജൈവ, അജൈവ മാലിന്യങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവ് പുലാമന്തോൾ 2000 മുതൽ നേരിടുന്ന മുഖ്യ വികസന വെല്ലുവിളികളിലൊന്നായിരിന്നു. ഇക്കാര്യത്തിന് ശാശ്വത പരിഹാരം ഉാക്കുന്നതിനായി 2012-13 ൽ ദീർഘ വീക്ഷണാടിസ്ഥാനത്തിൽ “ക്ലീൻ പുലാമന്തോൾ” പദ്ധതി എന്ന മാലിന്യ ലഘൂകരണ യജ്ഞത്തിന് തുടക്കമിട്ടു. സംസ്ഥാന ശുചിത്വ മിഷൻ, വ്യാപാരികൾ, വ്യവസായ സ്ഥാപനങ്ങൾ, പൊതു വിഭാഗങ്ങൾ, ജനങ്ങൾ എന്നിവർ ചേർന്നാണ് ഈ സമഗ്ര പദ്ധതിക്ക് രൂപം കൊടുത്തത്. ഇതിലുൾപ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- ഗാർഹിക പൈപ്പ് കംപോസ്റ്റ് യൂണിറ്റുകൾ
- ബയോഗ്യാസ് പ്ലാന്റുകൾ
- പ്ലാസ്റ്റിക് ശേഖരണം

### 2.1. പദ്ധതി പ്രവർത്തനങ്ങൾ

### 2.1.1. ഗാർഹിക പൈപ്പ് കംപോസ്റ്റ് യൂണിറ്റ്



2012-13 ൽ ഗ്രാമപഞ്ചായത്തിലെ 14,15,19 വാർഡിലെ വീടുകൾ കേന്ദ്രീകരിച്ച് നാഷണൽ സർവ്വീസ് സ്കീം അംഗങ്ങളായ വിദ്യാർത്ഥികൾ പദ്ധതി പ്രവർത്തനത്തിനാവശ്യമായ പ്രാഥമിക പഠന സർവ്വേ പ്രവർത്തനങ്ങൾ നടത്തി. ഇതിനെ



തുടർന്ന് 200 ഗുണഭോക്താക്കളെ കത്തെുകയും സംസ്ഥാന ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, ഗുണഭോക്തൃ വിഹിതം എന്നിവ വിഭവ സ്രോതസ്സുകളായുള്ള പ്രോജക്ടിന് രൂപം നൽകി. രാം ഘട്ടത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ 150 പേർക്ക് കൂടി പൈപ്പ് കംപോസ്റ്റ് സ്ഥാപിക്കുകയും 650 പേർ കൂടി ഈ വർഷം പദ്ധതിയിൽ ഗുണഭോക്താക്കളാകും.

### 2.1.2. ബയോഗ്യാസ് പ്ലാന്റുകൾ

ര് പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 66 വീടുകളിലും - ഒന്നാം ഘട്ടത്തിൽ (2012-2013) ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി 66 പേർ ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കളായി. ജൈവമാലിന്യങ്ങൾ ഇതിലൂടെ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുകയും വീടുകളിലേക്ക് ആവശ്യമായ പാചക ഇന്ധന ലഭ്യതയും ഇതിലൂടെ ഉറപ്പ് വരുത്താൻ കഴിഞ്ഞു. കോഴിക്കോടുള്ള ബെസ്റ്റ് പ്രോസ്സസ് എന്ന ഏജൻസിയുമായി ധാരണ പത്രത്തിൽ ഒപ്പിട്ടാണ് പ്രവർത്തനം നടത്തി വരുന്നത്.



### 2.1.3. പ്ലാസ്റ്റിക് സംഭരണം

വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ 7 ദിവസം കൂടുമ്പോഴും വീടുകളിൽ നിന്ന് മാസത്തിലൊരിക്കലും ശേഖരിച്ച് റീ സൈക്ലിംങ്ങ് യൂണിറ്റുകൾക്ക് നൽകുന്ന ബൃഹത് പരിപാടിക്ക് (2013-14) തുടക്കമിട്ടിരിക്കുകയാണ്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്ന് തന്നെ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സംഭരിക്കുക എന്ന ലളിത പ്രവർത്തന രീതിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്. ഇതിനായി സംഭരണ ബിൻ (ക്യാരി ബാഗുകൾ) വ്യാപാര സ്ഥാപനങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ നൽകുന്നു. ഈ സംഭരണ ബിന്നിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പടേ ഏജൻസി/യൂണിറ്റ് മുൻകൂട്ടി നിശ്ചയിച്ച